ഖുത്ബ നമ്പർ **43**

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 ഒക്ടോബർ 28**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالى بنصره العزيز

**വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം**


Baitul Futuh, London

# സഹാബിമാരെപ്പോലെ ആയിത്തീരാൻ ശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന അല്ലാഹു സ്ഥാപിച്ച ഈ ജമാഅത്തിന് പൂർവ്വികരുമായി കൂട്ടിച്ചേർക്കപ്പെട്ടു എന്ന മഹത്വം നൽകുകയുണ്ടായി. ഇത് ഒരു സാധാരണ മഹത്വമല്ല. ഇത് ഒരു സാധാരണ ജമാഅത്തല്ല. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് സദ്പ്രകൃതക്കാരായ മുസ്ലിംകൾ ഈ കാലഘട്ടം പ്രാപിച്ചിരുന്നെങ്കിൽ എന്ന ആഗ്രഹത്തോടുകൂടി ഈ ലോകത്ത്നിന്ന് വിടപറഞ്ഞു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലേക്ക് ചേർത്തുപറയുന്ന നമ്മിൽ ഓരോരുത്തരും പൂർവ്വികർ പ്രവർത്തിച്ച കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അവർ റസൂൽ തിരുമേനി (സ) യുമായി ബൈഅത്തിന്റെ ബന്ധം സ്ഥാപിച്ചു. അവിടുത്തെ ഉമ്മത്തിൽ ഉൾപ്പെട്ടവരായി. റസൂൽ തിരുമേനി (സ) യുടെ തർബ്ബിയ്യത്തിന്റെ സ്വാധീനഫലമായി അല്ലാഹുവുമായി സുദൃഢമായ ബന്ധം സ്ഥാപിച്ചു. ഏതുവരെയെന്നാൽ അവരെക്കുറിച്ച് അല്ലാഹു പറയുന്നു.

﴿وَمِنَ النَّاسِ مَنْ يَشْرِي نَفْسَهُ ابْتِغَاءَ مَرْضَاةِ اللَّهِ﴾

അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ജീവനെ വിൽക്കുന്നവരാണ്. അവർ അല്ലാഹുവിന്റെ പ്രീതി സ്വായത്തമാക്കുന്നതിനായി അല്ലാഹുവിന്റെ കൽപനകളെ അനുധാവനം ചെയ്ത് തങ്ങളുടെ ജീവനെ ക്ലേശത്തിലകപ്പെടുത്തി. അതിന് യാതൊരു പ്രാധാന്യവും നൽകിയില്ല. അവരുടെ ഉദ്ദേശ്യം കേവലം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയെന്നത് ഒന്നുമാത്രമായിരുന്നു. പിന്നീട് അല്ലാഹു അവരുടെ മേൽ അളവറ്റ അനുഗ്രഹങ്ങൾ ചൊരിഞ്ഞു. സഹാബാക്കൾ വിശുദ്ധ ഖുർആന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനായി പരിശ്രമിക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള അഭിവാഞ്ഛ അവർക്ക് വളരെ കൂടുതലായിരുന്നു. ഞങ്ങൾ എങ്ങനെയാണ് നന്മ ചെയ്യേണ്ടത് എന്ന് അവർ റസൂൽ തിരുമേനി (സ) യോട് ചോദിക്കാറുണ്ടായിരുന്നു. ചിലരെ ചോദ്യങ്ങളിൽ നിന്ന് അല്ലാഹു തടയുക വരെ ചെയ്തു. കാരണം ശരീഅത്ത് ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നത് കാരണം നിങ്ങളുടെ ചോദ്യങ്ങളുടെ ഫലമായി എന്തെങ്കിലും കൽപനകൾ ഉണ്ടായാൽ അത് നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തും. **അല്ലാഹു റഊഫുൻ ബിൽ ഇബാദ്** ആണ്. അല്ലാഹു തന്റെ ദാസരിൽ ഒരുപാട് കരുണ ചൊരിയുന്നവനാണ്. തന്റെ പ്രത്യേക കാരുണ്യത്തിന്റെ ദൃഷ്ടി പതിപ്പിക്കുന്നവനാണ്. അത് മനുഷ്യനെ ബുദ്ധിമുട്ടിൽ നിന്നും രക്ഷപ്പെടുത്തുന്നു. അതായത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി എല്ലാ ബുദ്ധിമുട്ടും സഹിക്കാൻ തയ്യാറാകുന്ന ദാസനെ അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്നവനെ അല്ലാഹു അവനിൽ പ്രത്യേകമായ സ്നേഹം പ്രകടിപ്പിക്കുന്നു. പിന്നീട് അല്ലാഹുവുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുന്നവരും, തങ്ങളുടെ പരിസരത്ത് അല്ലാഹുവിന്റെ ഗുണനാമങ്ങളുടെ പ്രതിബിംബമായി മാറുന്നു. അല്ലാഹു നൽകിയ എല്ലാ കൽപനകളും പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്നു. അവർ അല്ലാഹുവിന്റെ സൃഷ്ടികളോട് കാരുണ്യത്തോടെ വർത്തിക്കുന്നു. അവരുടെ അവകാശങ്ങൾ നിറവേറ്റുന്നു. ഈ യഥാർഥ ഇസ്ലാമാണ് ദാസനെ ദൈവവുമായി ബന്ധപ്പെടുത്തി പിന്നീട് സൃഷ്ടികളോടുള്ള ഉത്തരവാദിത്വ നിർവ്വഹണത്തിലേക്കും അവന്റെ ശ്രദ്ധയെ എത്തിക്കുന്നത്. ഈ യഥാർഥ ഇസ്ലാമാണ് സഹാബാക്കൾ പ്രാപിക്കുകയും പഠിക്കുകയും പ്രവർത്തനതലത്തിൽ കൊണ്ടുവരികയും ചെയ്തത്.

ഇത് തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മെ പഠിപ്പിക്കാനും വന്നിരിക്കുന്നത്. നമുക്ക് പറഞ്ഞ് തരാൻ വന്നിരിക്കുന്നത്. നമ്മെ ആ മാർഗത്തിൽ നയിക്കാനായി വന്നിരിക്കുന്നത്. ഇതിനായി നാം ആത്മ പരിശോധന നടത്തേണ്ടതിന്റെ ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പാകെ മസീഹ് മൗഊദ് (അ) ന്റെ ഏതാനു ഉദ്ധരണികൾ കേൾപ്പിക്കുന്നതായിരിക്കും. അത് നമ്മെ ആത്മ പരിശോധനയിലേക്കും നമ്മളുടെ അവസ്ഥകളിലേക്കും ശ്രദ്ധിപ്പിക്കുന്നതായിരിക്കും. ഞാൻ ആദ്യമായിട്ട് എടുത്തിട്ടുള്ള ഉദ്ധരണയിൽ അവിടുന്ന് ഈ കാലഘട്ടത്തിന്റെ ചിത്രം വിവരിച്ചിരിക്കുന്നു. പിന്നീട് ജമാഅത്ത് ഏതുവിധത്തിലായിരിക്കണമെന്ന് പറയുന്നു. ആ മഹാത്മാവ് തന്നെ അംഗീകരിക്കാത്ത ഈകാലഘട്ടത്തിലെ പൊതുവിലെ പണ്ഢിതന്മാരെക്കുറിച്ച് പറയുന്നു.

ഞാൻ കാണുന്ന ഈ കാലഘട്ടത്തിൽ പണ്ഢിതന്മാരുടെ അവസ്ഥ ﴿لِمَ تَقُولُونَ مَا لَا تَفْعَلُونَ﴾ എന്ന വിശുദ്ധ ഖുർആനിലെ അല്ലാഹുവിന്റെ വാക്കുകളോട് ഏറ്റവും അടുത്ത് നിൽക്കുന്നതാണ്. പണ്ഢിതന്മാരുടെ അവസ്ഥ ഇന്ന് ഇത് തന്നെയാണ്. അതായത് നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിനാണ് നിങ്ങൾ പറയുന്നത്.

പറയുന്നു. ഇതിനുള്ള തെളിവായി ഒരുപാട് പേരെ കാണാവുന്നതാണ്. വിശുദ്ധ ഖുർആനിൽ കേവലം നാവുകൊണ്ട് മാത്രമുള്ള ഈമാൻ മാത്രമെ അവശേഷിച്ചിട്ടുള്ളൂ. അതല്ലായെങ്കിൽ വിശുദ്ധ ഖുർആന്റെ ഭരണത്തിൽ നിന്ന് ജനങ്ങൾ പൂർണ്ണമായും വ്യതിചലിച്ചിരിക്കുന്നു. ഹദീസിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. വിശുദ്ധ ഖുർആൻ ആകാശത്തേക്ക് ഉയർന്ന് പോകുന്ന ഒരു കാലം വരും. ഈ കാലഘട്ടം അതുതന്നെയാണ് എന്ന് എനിക്ക് നിശ്ചയമായും അറിയാം. വിശുദ്ധ ഖുർആൻ അനുസരിച്ച്

പ്രവർത്തിക്കുന്നതിലൂടെ ലഭിക്കുന്ന യഥാർഥത്തിലുള്ള തഖ്‌വയും പരിശുദ്ധിയും ഇന്ന് എവിടെയാണുള്ളത്. അഥവാ ഇത്തരം ഒരു അവസ്ഥ സംജാതമായിട്ടില്ലായെങ്കിൽ അല്ലാഹു ഈ പ്രസ്ഥാനത്തെ എന്തിനാണ് സ്ഥാപിച്ചത്. നമ്മുടെ എതിരാളികൾക്ക് ഈ കാര്യം ഗ്രഹിക്കാൻ സാധ്യമല്ല. എന്നാൽ അവസാനം നമ്മുടെ സത്യത പകൽ വെളിച്ചം പോലെ വ്യക്തമാകുന്നതായി അവർ കാണും.''

പറയുന്നു.''അല്ലാഹു വിശുദ്ധ ഖുർആൻ വിശ്വസിക്കുന്ന ഒരു ജമാഅത്തിനെ സ്വയം തയ്യാറാക്കുകയാണ്.'' ജമാഅത്തിനെ സംബന്ധിച്ചെടുത്തോളം വളരെ വലിയ ഒരു ഉത്തരവാദിത്വമാണ് ഈ വാക്കുകളിൽ ആ മഹാത്മാവ് ഏൽപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ വിശ്വസിക്കുന്നവരായിരിക്കും എന്ന പ്രതീക്ഷയാണ് അദ്ദേഹം അർപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ വിശ്വസിക്കുകയെന്നത് കേവലം ഒരു ഗ്രന്ഥത്തിൽ വിശ്വസിക്കലല്ല. മറിച്ച് അതിന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കലാണ്. പറയുന്നു. ''എല്ലാവിധത്തിലുള്ള കലർപ്പും ഇതിൽ നിന്ന് എടുത്തുകളയുന്നതായിരിക്കും. നാം നമ്മുടെ ആത്മ പരിശോധന നടത്തേണ്ടതായിട്ടുണ്ട്. എല്ലാവിധത്തിലുള്ള കലർപ്പും-അത് ഭൗതികമായുള്ള കലർപ്പാണ്-ഇതിൽ നിന്ന് എടുത്തുകളയും. ഒരു പ്രത്യേക സംഘം സൃഷ്ടിക്കപ്പെടും. അത് ഈ ജമാഅത്ത് ആണ്. അതുകൊണ്ട് ഞാൻ നിങ്ങളെ താക്കീദ് ചെയ്യുന്നു നിങ്ങൾ അല്ലാഹുവിന്റെ കൽപനകൾക്ക് പൂർണ്ണമായും കീഴ്‌പ്പെട്ട വരാത്തീരുക. നിങ്ങളുടെ ജീവിതത്തിൽ സഹാബാക്കൾ ഉണ്ടാക്കിയെടുത്തത്പോലുള്ള ഒരു മാറ്റം ഉണ്ടാക്കിയെടുക്കുക. നിങ്ങളെ കണ്ടുകൊണ്ട് മറ്റൊരാൾ വഴിപിഴച്ചുപോകാൻ ഇടവരാതിരിക്കട്ടെ. ഓരോ അഹ്‌മദിയും മാതൃകയായിരിക്കേണ്ടതാണ്.''

പറയുന്നു.''ഞാൻ ഇതുകൂടി പറയാൻ ആഗ്രഹിക്കുന്നു. കളവിന്റെയും കുറ്റകെട്ടുപറയുന്നതിന്റെയും ബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടത് ഓരോ വ്യക്തിയുടെയും നിർബന്ധ കടമയാണ്. നിങ്ങൾ നോക്കുമ്പോൾ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ജമാഅത്തായി ഇതിനെ കാണട്ടെ. അതായത് നുബുവ്വത്തിന്റെ മാർഗത്തിൽ ചരിക്കുന്നപ്രസ്ഥാനം, തിരുനബി(സ) കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന മാർഗത്തിൽ ചരിക്കുന്നവരായി തീരണം. എനിക്കറിയാം അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകുമ്പോൾ, ഭൂമിയിൽ മഴ വർഷിക്കപ്പെടുമ്പോൾ, ഭൂമിയിൽ വളരെ പ്രയോജനപ്രദമായ സസ്യലതാതികൾ മുളപൊട്ടുന്നു. അതോടൊപ്പംതന്നെ വിഷസസ്യങ്ങളും മുളപൊട്ടുന്നു.'' ഇതിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. തെറ്റായ വാദഗതികൾ ഉന്നയിക്കുന്ന ചില ആളുകളും ജനിക്കും. ഈ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതൊരു ഉദ്ദേശ്യത്തിനായാണോ വന്നത് അത് പൂർത്തിയാവുന്നതിന് വേണ്ടി ദുആ ചെയ്യുക എന്നത് ഓരോ വ്യക്തിയുടെയും നിർബന്ധകടമയാണ്. ദുആയിൽ മുഴുകിയിരിക്കുക. അവിടുന്ന് പറയുന്നു. ''ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം വിശുദ്ധഖുർആന്റെ വ്യക്തമായ വചനങ്ങളിലും ഹദീസിലുമാണ് നിലകൊള്ളുന്നത്. കൂടാതെ ഈ പ്രസ്ഥാനത്തിന്റെ സത്യസാക്ഷ്യത്തിനും സഹായത്തിനുമായി അല്ലാഹു ആകാശീയവും ഭൗമികവുമായ ദൃഷ്ടാന്തങ്ങളുടെ ഒരു മുദ്ര നമുക്ക് നൽകിയിരിക്കുന്നു.''ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളങ്ങൾ, ആകാശീയവും ഭൗമികവുമായിട്ടുള്ള അടയാളങ്ങളുടെ ഒരു മുദ്ര നൽകിയിരിക്കുന്നു. അത് മറ്റുള്ളവരുടെ മേൽ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഹുജ്ജത്താണ്. പറയുന്നു.''ഇത് നല്ലവണ്ണം ഓർത്തുകൊള്ളുക. അല്ലാഹുവിൽ നിന്ന് വരുന്ന ആൾക്ക് ഒരു മുദ്ര നൽകപ്പെടുന്നു. ആ മുദ്ര മുഹമ്മദീ മുദ്രയാണ്. തിന്മ ആഗ്രഹിക്കുന്ന എതിരാളികൾ അതിനെ മനസ്സിലാക്കിയിട്ടില്ല. ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി (സ) ക്ക് ശേഷം ആരുതന്നെ വന്നാലും അത് റസൂൽ തിരുമേനി(സ) യെ പിൻപറ്റിക്കൊണ്ടായിരിക്കും വരുക. അവിടുത്തെ മുദ്രയനുസരിച്ചായിരിക്കും അദ്ദേഹം പ്രവർത്തിക്കുക. എന്നാൽ ഇത് ജനങ്ങൾ മനസ്സിലാക്കുന്നില്ല.'' പറയുന്നു. ''എന്നാൽ നിങ്ങൾ നിങ്ങളുടെ മാതൃക നിലനാട്ടുക. ഈ പ്രസ്ഥാനം അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധം ഉണ്ടാക്കിയെടുക്കുന്നതിനായിട്ടാണ് സ്ഥാപിതമായിരിക്കുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്നതിന് വേണ്ടി.''

വീണ്ടും അദ്ദേഹം പറയുന്നു.''അല്ലയോ എന്റെ ജമാഅത്തേ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ. സർവ്വശക്തനും ഉദാരമതിയുമായ അവൻ നിങ്ങളെ ആഖിറത്തിലേക്കുള്ള യാത്രക്കായി റസൂൽ തിരുമേനി (സ) യുടെ സഹാബാക്കളെ തയ്യാറാക്കിയതുപോലെ തയ്യാറാക്കിയെടുക്കട്ടെ. നല്ലവണ്ണം ഓർത്തുകൊള്ളുക. ലോകം ഒരു വസ്തുവേയല്ല. ഭൗതികതക്ക് വേണ്ടി മാത്രമുള്ള ജീവിതം ശപിക്കപ്പെട്ടതാണ്. തന്റെ എല്ലാ ദുഃഖവും വേദനയും ഭൗതികതക്ക് വേണ്ടിയുള്ളവൻ അങ്ങേയറ്റത്തെ നിർഭാഗ്യവാനാണ്. അത്തരത്തിലുള്ള ആൾ എന്റെ ജമാഅത്തിൽ ഉണ്ടെങ്കിൽ ഒരു പാഴ്‌വസ്തുവായിക്കൊണ്ടാണ് അയാൾ തന്റെ അസ്ഥിത്വത്തെ എന്റെ ജമാഅത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാരണം അയാൾ ഫലം നൽകാത്ത ഉണങ്ങിയ ശാഖപോലെയാണ്.'' വീണ്ടും നമ്മുടെ പരിഷ്ക്കരണത്തിനും സ്ഥിരചിത്തതക്കും ശരിയായ മാർഗം പറഞ്ഞ് തന്ന്കൊണ്ട് അവിടുന്ന് പറയുന്നു. ''എന്നെ സംബന്ധിച്ചെടുത്തോളം പരിശുദ്ധരാകുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗം ഇതാണ്. ഇതിലും നല്ല ഒരു മാർഗം ലഭിക്കുകയെന്നതും അസാധ്യമാണ്. അതായത് മനുഷ്യൻ യാതൊരുവിധത്തിലുമുള്ള അഹങ്കാരവും അഹംഭാവവും അത് വൈജ്ഞാനികമോ കുടുംബപരമോ, സാമ്പത്തികപരമോ ആകട്ടെ കാണിക്കാതിരിക്കുക. ഇത്തരത്തിലുള്ള അഹങ്കാരം സാധാരണ ഗതിയിൽ മനുഷ്യനിൽ കാണാൻ സാധിക്കുന്നു. ചിലർക്ക് തങ്ങളുടെ വിജ്ഞാനത്തിന്റെ അഹങ്കാരമാണ്, മറ്റു ചിലർക്ക് കുടുംബത്തിന്റേതാണ്, മറ്റു ചിലർക്ക് സമ്പത്തിന്റേതാണ്.''പറയുന്നു. ''യാതൊരുവിധ അഹങ്കാരവും കാണിക്കാതിരിക്കുക.''പറയുന്നു. ''അല്ലാഹു ഒരാൾക്ക് കണ്ണ് നൽകുമ്പോൾ മാത്രമേ അയാൾക്ക് കാണാൻ സാധിക്കുകയുള്ളൂ. ഈ അന്ധകാരങ്ങളിൽ നിന്ന് രക്ഷ നൽകാൻ കഴിയുന്ന എല്ലാ പ്രകാശവും ആകാശത്തിൽ നിന്നാണ് വരുന്നത്. മനുഷ്യൻ എല്ലായ്പ്പോഴും ആകാശീയ പ്രകാശത്തിന്റെ ആവശ്യക്കാരനാണ്. ആകാശത്ത് നിന്ന് വരുന്ന സൂര്യന്റെ പ്രകാശം ഇല്ലാത്തിടത്തോളം കണ്ണിന് കാണാൻ സാധ്യമല്ല. ഇതുപോലെ എല്ലാ അന്ധകാരങ്ങളെയും വിപാടനം ചെയ്ത് അതിന്റെ സ്ഥാനത്ത് തഖ്‌വയുടെയും പരിശുദ്ധിയുടെയും പ്രകാശം സ്ഥാപിക്കുന്ന ആന്തരിക പ്രകാശവും ആകാശത്തിൽ നിന്ന് തന്നെയാണ് വരുന്നത്. ഞാൻ സത്യമായും നിങ്ങളോട് പറയുന്നു. മനുഷ്യന്റെ തഖ്‌വയും, ഈമാനും, ഇബാദത്തും, പരിശുദ്ധിയും എല്ലാം തന്നെ ആകാശത്തിൽ നിന്നാണ് വരുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്തിൽ അതിഷ്ഠിതമാണ്. അവൻ ആഗ്രഹിക്കുകയാണെങ്കിൽ അതിനെ നിലനിർത്തുകയും അവൻ ആഗ്രഹിക്കുന്നപക്ഷം അതിനെ എടുത്ത് കളയുകയും ചെയ്യുന്നു. എല്ലാ വിധത്തിലുള്ള അനുഗ്രഹങ്ങളും അല്ലാഹുവിന്റേതാണ്. അല്ലാഹു ആഗ്രഹിക്കുന്ന പക്ഷം നിലനിൽക്കുകയും അവൻ ആഗ്രഹിക്കുന്ന പക്ഷം അവസാനിപ്പിക്കുകയും ചെയ്യുന്നു. പിന്നെ അഹങ്കരിക്കേണ്ട ആവശ്യമെന്താണ്. ആർക്കുംതന്നെ തന്റെ തഖ്‌വയിലോ ഈമാനിക അവസ്ഥയിലോ തന്റെ ആരാധനയിലോ ദുആയിലോ തന്റെ പരിശുദ്ധിയിലോ

അതുപോലെതന്നെ മുമ്പ് പറഞ്ഞതുപോലെ ഭൗതികമായ വ്യവഹാരങ്ങളിലോ അഹങ്കാരം ഉണ്ടാവാൻ പാടുള്ളതല്ല. എല്ലാംതന്നെ അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിലേക്ക് എപ്പോഴും കുനിഞ്ഞിരിക്കേണ്ടതാണ്.''

പറയുന്നു.''മനുഷ്യൻ തന്റെ ആത്മാവ് ക്രൂശിക്കപ്പെട്ടതാണെന്നും അതിന് ഒരു വിലയുമില്ലെന്നും മനസ്സിലാക്കുന്നതാണ് യഥാർഥത്തിലുള്ള ആത്മീയ ജ്ഞാനം എന്ന് പറയുന്നത്.(അതായത് അവന്റെ അസ്ഥിത്വത്തിന് യാതൊരു വിലയുമില്ല എന്ന് മനസ്സിലാക്കുക) അതുപോലെതന്നെ ദൈവികസമക്ഷം നിന്നുകൊണ്ട് വിനയത്തോടെ അല്ലാഹുവിന്റെ അനുഗ്രഹം തേടുകയെന്നതും. നഫ്സിന്റെ ആവേശത്തെ കത്തിച്ചുകളയുകയും അന്തരംഗത്തിൽ ഒരു പ്രകാശവും നൻമ പ്രവർത്തിക്കുന്നതിനുള്ള ശക്തിയും ചൂടും ജനിപ്പിക്കുന്ന ആത്മീയ പ്രകാശത്തെ തേടുകയെന്നതുമാണ്. പിന്നീട് അവന്റെ അനുഗ്രഹം കൊണ്ട് എന്തെങ്കിലും അംശം ലഭിക്കുകയോ അല്ലങ്കിൽ പിന്നീടൊരിക്കൽ ഹൃദയവിശാലത ഉണ്ടായിത്തീരുകയോ ചെയ്താൽ( അതായത് ഹൃദയം തുറക്കുകയോ ദുആ സ്വീകരിക്കപ്പെടുകയോ ചെയ്താൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തുറന്നാൽ) അതിൽ അഹങ്കാരവും അഹംഭാവവും കാണിക്കാതിരിക്കുക. മറിച്ച് വിനയത്തിലും എളിമയിലും കൂടുതൽ പുരോഗമിക്കുകയാണ് വേണ്ടത്. അതായത് അല്ലാഹുവിന്റെ അനുഗ്രഹം തന്നിൽ വർഷിക്കപ്പെടുന്നുണ്ടെന്ന് മനസ്സിലാകുമ്പോൾ കൂടുതൽ വിനയം ഉണ്ടായിത്തീരണം. കാരണം എത്രത്തോളം അയാൾ താൻ ഒന്നുമല്ലെന്ന് മനസ്സിലാകുന്നുവോ അത്രത്തോളം സ്ഥാനവും പ്രകാശവും അല്ലാഹുവിൽ നിന്ന് വർഷിക്കപ്പെടുന്നതായിരിക്കും. അത് അയാൾക്ക് പ്രകാശവും ശക്തിയും നൽകും. അഥവാ മനുഷ്യൻ ഈ കാര്യം വിശ്വസിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ സ്വഭാവ അവസ്ഥ ഉന്നതമായിത്തീരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ലോകത്ത് താൻ എന്തോ ആണെന്ന് കരുതുന്നത് അഹങ്കാരമാണ്. ഈ ഒരു അവസ്ഥ മനുഷ്യനിൽ മറ്റുള്ളവരിൽ ശാപം ചൊരിയുന്നവരും അവരെ നിസ്സാരരുമായി ഗണിക്കുന്നവനുമായ ഒരു അവസ്ഥയിലുമാണ്. അഹങ്കാരം ഉണ്ടായാൽ മറ്റുള്ളവർക്ക് ഒരു വിലയും കൽപ്പിക്കുകയില്ല.'' ഞാൻ പറഞ്ഞതുപോലെ നാം ഓരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഈ ഉന്നതമായ മാർഗത്തിലൂടെ ചരിക്കുന്നതിനായി പരിശ്രമിക്കുന്നുണ്ടോ.

പിന്നീട് അവിടുന്ന് ഒരു സ്ഥലത്ത് പറയുന്നു.''അല്ലയോ സൗഭാഗ്യവാന്മാരെ. നിങ്ങളുടെ മോക്ഷത്തിനായി എനിക്ക് നൽകിയിരിക്കുന്ന അധ്യാപനങ്ങളിൽ നിങ്ങൾ ശക്തിയുക്തം പ്രവേശിക്കുക. നിങ്ങൾ അല്ലാഹുവിനെ ഏകനും പങ്കുകാരില്ലാത്തവനുമാണെന്ന് മനസ്സിലാക്കുക. അവനോടുകൂടെ മറ്റൊന്നിനെയും പങ്ക് ചേർക്കാതിരിക്കൂ, ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും അല്ലാഹു സാധനസാമഗ്രികൾ അവലംഭിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുന്നില്ല. എന്നാൽ ഏതൊരാളാണോ അല്ലാഹുവിനെ ഉപേക്ഷിച്ച് സാധനസാമഗ്രികളിൽ മാത്രം വിശ്വസിക്കുന്നത് അയാൾ മുശ്രിഖാണ്. പുരാതനകാലം മുതൽ അല്ലാഹു പറഞ്ഞുവന്നിട്ടുള്ളത് പരിശുദ്ധ ഹൃദയമുണ്ടായാൽ മാത്രമെ മോക്ഷം ലഭിക്കുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ പരിശുദ്ധ ഹൃദയരായിത്തീരുക. ശാരീരിക വിദ്വേഷങ്ങളിൽ നിന്നും ദേഷ്യത്തിൽ നിന്നും വിട്ടുനിൽക്കുക. വിദ്വേഷവും ദേഷ്യവും മനുഷ്യനെ കാർന്ന് തിന്നും. അവന്റെ സ്വഭാവത്തെ അത് തകർത്ത് തരിപ്പിണമാക്കുന്നു.

പറയുന്നു. ''വിദ്വേഷത്തിൽ നിന്നും ദേഷ്യത്തിൽ നിന്നും വിട്ടുനിൽക്കുക. മനുഷ്യന്റെ ദോഷപ്രവണമായ ആത്മാവിൽ വിവിധതരത്തിലുള്ള മാലിന്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ഏറ്റവും കൂടുതലായിട്ടുള്ളത് അഹങ്കാരമാകുന്ന മാലിന്യമാണ്. അഹങ്കാരമാണ് ഏറ്റവും വലിയ മാലിന്യവും പാപവും. അഥവാ അഹങ്കാരമില്ലായെങ്കിൽ ഒരാളുംതന്നെ നിഷേധിയായി മാറുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ വിനയഹൃദയരായിത്തീരുക. പൊതുവായ നിലയിൽ മനുഷ്യരോട് സഹാനുഭൂതി പ്രകടിപ്പിക്കുക. നിങ്ങൾ അവർക്ക് സ്വർഗം ലഭ്യമാക്കാനായി ഉപദേശം നടത്തുന്നു.'' (നമ്മുടെ ചില പണ്ഡിതർ, ദായിആനെ ഇലല്ലാകൾ വലിയ വലിയ സേവനം ചെയ്യുന്നവരായി തങ്ങളെ പ്രതിഷ്ടിക്കുന്നു. എന്നാൽ ചിലയവസരങ്ങളിൽ ചില പ്രശ്നങ്ങൾ മുന്നിൽ വരുന്നു. അതായത് വ്യക്തിപരമായ നിലയിൽ കാര്യം വരുമ്പോൾ പിന്നീട് എല്ലാം മറക്കുന്നു. പിന്നീട് തങ്ങളുടെ അഹങ്കാരവും അഹംഭാവും മുന്നിൽ വരുന്നു. പറയുന്നു. ''നിങ്ങൾ സ്വർഗം ലഭ്യമാകുന്നതിനായി ഉപദേശം നടത്തുന്നു. എന്നാൽ നിങ്ങളുടെ ഉപദേശം എങ്ങനെ ശരിയാകാനാണ്. നിങ്ങൾ ഈ ദിവസങ്ങൾ മാത്രമുള്ള ലോകത്ത് അവരുടെ തിന്മ ആഗ്രഹിക്കുകയാണെങ്കിൽ തങ്ങളുടെ പ്രശ്നം വരുമ്പോൾ അവിടെ നന്മ ആഗ്രഹിക്കാതെ തിന്മ ആഗ്രഹിക്കുന്നതായാണ് കാണാൻ കഴിയുന്നത്. അല്ലാഹുവിന്റെ ഫർളുകളെ ദൈവഭയത്തോടുകൂടി അനുഷ്ഠിക്കുക. നിങ്ങളോട് അതിനെക്കുറിച്ച് ചോദിക്കുന്നതായിരിക്കും. അല്ലാഹു നിർബന്ധമാക്കിയ ഫർളുകളെക്കുറിച്ച് ചോദിക്കുന്നതായിരിക്കും. അതിനായി ഹൃദയത്തിൽ ഒരു ഭയം ഉണ്ടാക്കിയെടുക്കുക.''

പറയുന്നു.''അല്ലാഹു നിങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനായി, നിങ്ങളുടെ ഹൃദയത്തെ വിശുദ്ധീകരിക്കുന്നതിനുമായി നമസ്ക്കാരത്തിൽ ഒരുപാട് ദുആചെയ്യുക. കാരണം മനുഷ്യൻ ബലഹീനനാണ്. എല്ലാ തിന്മയും ദൂരീകരിക്കപ്പെടുന്നത് അല്ലാഹുവിന്റെ ശക്തികൊണ്ടാണ്. ഏതുവരെ മനുഷ്യൻ അല്ലാഹുവിൽ നിന്ന് ശക്തി സ്വായത്തമാക്കുന്നില്ലയോ അതുവരെ ഒരു തിന്മയേയും ദൂരികരിക്കാൻ ശക്തി ലഭിക്കുന്നില്ല. ഇസ്ലാം കേവലം ആചാരമെന്ന് രീതിയിൽ കലിമ ചെല്ലുകയെന്നത് മാത്രമല്ല. മറിച്ച് ഇസ്ലാമിന്റെ യാഥാർഥ്യം എന്നത് നിങ്ങളുടെ ആത്മാവ് അല്ലാഹുവിന്റെ സമക്ഷത്തിൽ വീഴുകയും അല്ലാഹുവും അവന്റെ കൽപനകളും എല്ലാവശങ്ങളിലൂടെയും നിങ്ങളുടെ ഭൗതികതയേക്കാൾ നിങ്ങൾക്ക് പ്രാധാന്യമുള്ളതായിതീരുകയും ചെയ്യുക എന്നതാണ്.''

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നാം കൂടുതലായി ഒരുമിച്ച് കൂട്ടുന്നവരായിത്തീരുന്നതിനു വേണ്ടി ഇന്ന് ഓരോ അഹ്മദിയും ഈ അവസ്ഥ തങ്ങളുടെ ഹൃദയങ്ങളിൽ സംജാതമാക്കേണ്ടതാണ്.

പറയുന്നു.''അല്ലയോ എന്റെ പ്രിയപ്പെട്ട ജമാഅത്ത്, കാലഘട്ടം അതിന്റെ പര്യവസാനത്തിലെത്തിയിരിക്കുന്നുവെന്ന് ദൃഢമായും ധരിച്ചുകൊള്ളുക. ഒരു ശരിയായ വിപ്ലവം ഉദിച്ചുയർന്നിരിക്കുന്നു. അതുകൊണ്ട് തങ്ങളുടെ ആത്മാവിനെ വഞ്ചിക്കാതിരിക്കൂ. എത്രയും പെട്ടെന്ന് നേർമാർഗ്ഗത്തിൽ പൂർണ്ണരായിത്തീരൂ. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. സത്യസന്ധത സ്വായത്തമാക്കുക. സത്യസന്ധതയെന്ന് പറയുന്നത് അല്ലാഹുവുമായുള്ള ബന്ധത്തിലുള്ള സത്യസന്ധത. ഋജുമാനസരായിക്കൊണ്ട് ഇബാദത്തുകൾ അനുഷ്ഠിക്കുക. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക. അല്ലാഹുവിന്റെ പ്രധാനപ്പെട്ട രണ്ട് കൽപനകളാണുള്ളത്.'' അല്ലാഹുവിനോടുള്ള കടമ, സൃഷ്ടികളോടുള്ള കടമ. ഇതിൽ നേർമാർഗവും സത്യസന്ധതയും ഉണ്ടായിരിക്കേണ്ടതാണ്. ജമാഅത്തി ആയിട്ടുള്ള സേവനം, പരസ്പരമുള്ള ബന്ധങ്ങൾ, ഇവയിലും നേരും സത്യസന്ധതയും ഉണ്ടായിരി

ക്കേണ്ടതാണ്. പറയുന്നു. ‘‘വിശുദ്ധ ഖുർആനെ നിങ്ങളുടെ നേതാവാക്കുക. ഓരോ കാര്യത്തിനും ഇതിൽ നിന്നും പ്രകാശം സ്വീകരിക്കുക. ഹദീസുകളെ പാഴ്വസ്തുക്കളെപോലെ വലിച്ചെറിയരുത്. കാരണം അത് വളരെ പ്രയോജനപ്രധമായതാണ്. വളരെ വലിയ പരിശ്രമം കൊണ്ടാണ് അത് ക്രോഡീകരിച്ചിട്ടുള്ളത്. എന്നാൽ വിശുദ്ധ ഖുർആന്റെ വിവരണത്തോട് ഹദീസിലെ ഏതെങ്കിലും വിവരണം എതിരായി നിൽക്കുന്നുവെങ്കിൽ മാർഗഭ്രംശത്തിൽ ആകാതിരിക്കാനായി അത്തരം ഹദീസുകളെ ഉപേക്ഷിച്ചുകൊള്ളുക. വിശുദ്ധ ഖുർആനെ വലിയ സംരക്ഷണത്തോടെയാണ് അല്ലാഹു നിങ്ങളിലേക്ക് എത്തിച്ചിരിക്കുന്നത്. അത്കൊണ്ട് നിങ്ങൾ ഈ പരിശുദ്ധ വചനങ്ങൾക്ക് വേണ്ട വില കൽപ്പിക്കുക. ഇതിന് മുകളിൽ മറ്റൊന്നിനും മുൻഗണന നൽകാതിരിക്കൂ. എല്ലാ നേർമാർഗവും സൻമാർഗവും ഇതിലാണ് നിലകൊള്ളുന്നത്.’’ ‘‘സത്യസന്ധതയും അതനുസരിച്ചിട്ടുള്ള പ്രവർത്തനമെല്ലാം വിശുദ്ധഖുർആന്റെ അധ്യാപനങ്ങളിൽ അതിഷ്ഠിതമാണ്. ഏതെങ്കിലും ഒരാളുടെ വാക്കുകൾ അയാളുടെ തഖ്‌വയിലും ആത്മീയ ജ്ഞാനത്തിലും ജനങ്ങൾക്ക് എത്രമാത്രം വിശ്വാസമുണ്ടോ അത്രമാത്രമേ ജനങ്ങളിൽ സ്വാധീനം ചെലുത്തുകയുള്ളൂ. അതുകൊണ്ട് തഖ്‌വയും ആത്മീയ ജ്ഞാനവും വർദ്ധിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ വാക്കുകൾ സ്വാധീനം ചെലുത്തും.’’ അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട് ആ മഹാത്മാവ് വീണ്ടും പറയുന്നു.

‘‘ദൃഢമായി വിശ്വസിച്ചുകൊള്ളുക. മുന്തിയ വസ്ത്രം ധരിച്ചവരോ വലിയ സമ്പന്നരായവരോ, നല്ല ഭക്ഷണം കഴിക്കുന്നവരോ അല്ല അല്ലാഹുവിന് പ്രിയപ്പെട്ടവർ മറിച്ച് ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നവരും പൂർണ്ണമായി അല്ലാഹുവിനായി തീരുന്നവരുമാണ് അല്ലാഹുവിന് പ്രിയപ്പെട്ടവർ. അതുകൊണ്ട് നിങ്ങൾ ഈ കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്തുക. ആദ്യം പറഞ്ഞ കാര്യത്തിലല്ല. അതായത് ഭൗതികതയിലേക്ക് തിരിയരുത്. മറിച്ച് ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുക.’’ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കാലത്ത് ജമാഅത്തിന്റെ അവസ്ഥ കണ്ടിരുന്നു. ആ കാലത്ത് ജനങ്ങളിൽ വളരെ വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരുന്നത്. എന്നിട്ടും അവിടുന്ന് പറയുന്നു. ‘‘ഞാൻ ജമാഅത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കാണുമ്പോൾ എനിക്ക് വളരെയധികം ദുഃഖം തോന്നുന്നു. ഇപ്പോഴും ഒരുപാട് ബലഹീനമായ അവസ്ഥകളുണ്ട്. ഒരുപാട് കടമ്പകൾ ബാക്കിയായിട്ടുണ്ട്. അതെല്ലാംതന്നെ കടന്നുപോകേണ്ടതായിട്ടുണ്ട്. എന്നാൽ അല്ലാഹു എന്നോട് ചെയ്ത വാഗ്ദാനങ്ങളിലേക്ക് നോക്കുമ്പോൾ എന്റെ ദുഃഖം പ്രതീക്ഷയിൽ പരിവർത്തിതമാകുന്നു.’’

അവന്റെ വാഗ്ദാനങ്ങളിൽ ഇതുകൂടിയുണ്ട്. അവൻ പറയുന്നു. وَجَاعِلُ الَّذِينَ اتَّبَعُوكَ فَوْقَ الَّذِينَ كَفَرُوا إِلَى يَوْمِ الْقِيَامَةِ അതായത് നിന്നെ പിൻതുടരുന്നവർക്ക് നിന്നെ നിഷേധിച്ചവർക്കെതിരെ ഖിയാമത്ത് നാൾവരെ വിജയം നൽകുന്നതായിരിക്കും.

ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഈ വ്യാകുലത ഉണ്ടായിരുന്നുവെങ്കിൽ അവിടുന്ന് അദ്ദേഹത്തെ വിശ്വസിക്കുന്നവരുടെ ശ്രദ്ധയെ ക്ഷണിച്ചുവെങ്കിൽ ഇപ്പോൾ ഒരു കാലഘട്ടം കഴിഞ്ഞതിനുശേഷം നമുക്ക് കൂടുതലായി ഈ കാര്യത്തിൽ വ്യാകുലത ഉണ്ടാകേണ്ടതാണ്. നാം കൂടുതൽ ദൂരേക്ക് പോകുന്നതനുസരിച്ച് നമ്മുടെ അവസ്ഥകൾ വികലമായി പോകാൻ പാടുള്ളതല്ല. ഒരുപാട് ചിന്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. വളരെയധികം ആത്മ പരിശോധന നടത്തേണ്ടതായിട്ടുണ്ട്.

പറയുന്നു.‘‘അവൻ എന്നെ പിൻതുടരുന്നവർക്ക് എന്റെ എതിരാളികളുടെയും നിഷേധികളുടെയും മേൽ വിജയം നൽകുന്നതായിരിക്കും എന്നത് സത്യമാണ്. എന്നാൽ ഒരുകാര്യം മനസ്സിലാക്കിയിരിക്കണം. കേവലം എന്റെ കൈകളിൽ ബൈഅത്ത് ചെയ്തുകൊണ്ട് മാത്രം എല്ലാവരും എന്നെ പിൻപറ്റുന്നവരിൽ ഉൾപ്പെടുകയില്ല.’’

‘‘ഏതുവരെ തങ്ങളിൽ അനുധാവനത്തിന്റെ ആ പൂർണ്ണരൂപം ഉണ്ടാക്കിയെടുക്കുന്നില്ലയോ അതുവരെ പിൻപറ്റുന്നവരിൽ ഉൾപ്പെടാൻ സാധ്യമല്ല. പൂർണ്ണമായ നിലയിൽ ഏതുവരെ അനുധാവനം ചെയ്യുന്നില്ലയോ അതായത് അനുസരണത്തിൽ വിലയം പ്രാപിക്കുന്ന അനുധാവനം. കാലടിപ്പാടുകളെ പൂർണ്ണമായ നിലയിലുള്ള പിൻതുടരൽ. അതുവരെക്കും അനുധാവനം എന്ന വാക്ക് പൂർണ്ണമാവുകയില്ല.

‘‘ഇതിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. എന്നോടുള്ള അനുസരണത്തിൽ വിലയം പ്രാപിക്കുകയും പൂർണ്ണമായും എന്നെ അനുധാവനം ചെയ്യുകയും ചെയ്യുന്ന ജമാഅത്ത് അല്ലാഹു എനിക്ക് വേണ്ടി വിധിച്ചിരിക്കുന്നു. അതുമൂലം എനിക്ക് സമാധാനം ലഭിക്കുന്നു. എന്റെ ദുഃഖം പ്രതീക്ഷയിൽ പരിവർത്തിതമായിത്തീരുന്നു.’’

പറയുന്നു.‘‘എന്നിരുന്നാലും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലാണ് എന്റെ ദൃഷ്ടി. ആ അല്ലാഹു തന്നെയാണ് എന്റെ സമാധാനത്തിന്റെയും ശാന്തിയുടെയും കാരണം. ജമാഅത്ത് ബലഹീനവും ശിക്ഷണത്തിന്റെ ഒരുപാട് ആവശ്യവുമുള്ള ഈ അവസ്ഥയിൽ നിങ്ങൾ അല്ലാഹുവുമായി സത്യസന്ധമായ ബന്ധം സ്ഥാപിക്കുകയെന്നും അവന് പ്രാധാന്യം കൽപ്പിക്കുകയെന്നും തങ്ങൾക്കായി റസൂൽ തിരുമേനി (സ) യുടെ പരിശുദ്ധ ജമാഅത്തിനെ ഒരു മാതൃകയാകണമെന്നും അവരുടെ കാലടിപ്പാടുകളെ പിൻതുടരണമെന്നും നിങ്ങളെ ഞാൻ ബോധവൽക്കരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.’’ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ‘‘ഓർത്തുകൊള്ളുക. ഇനി ആരുടെയെങ്കിലും അടിസ്ഥാനം ദുനിയാവാണെങ്കിൽ അയാൾ ജമാഅത്തിൽ ഉൾപ്പെട്ടതാണെങ്കിൽ പോലും അല്ലാഹുവിന്റെ പക്കൽ അയാൾ ഈ ജമാഅത്തിൽ ഉൾപ്പെട്ടവനല്ല. ആരാണോ ഭൗതികതയെ പരിത്യജിച്ചത് അവരാണ് അല്ലാഹുവിന്റെ പക്കൽ ഈ ജമാഅത്തിൽ ഉൾപ്പെട്ടവർ. ഇത്തരം ചിന്താഗതി മൂലം ഞാൻ നശിച്ചുപോകുമെന്ന് ആരും കരുതരുത്. കാരണം ഇത് അല്ലാഹുവിനെ മനസ്സിലാക്കുന്ന മാർഗ്ഗത്തിൽ നിന്ന് ദൂരേക്ക് കൊണ്ടുപോകുന്ന ചിന്താഗതിയാണ്. അല്ലാഹു അവനുവേണ്ടി മാത്രമായിത്തീരുന്ന വ്യക്തിയെ ഒരിക്കലും പാഴാക്കികളയുകയില്ല. മറിച്ച് അവൻ സ്വയം അയാളുടെ രക്ഷാധികാരിയാകുന്നു. അല്ലാഹു ഉദാരനാണ്. ആരാണോ അവന്റെ മാർഗ്ഗത്തിൽ അൽപം നഷ്ടപ്പെടുത്തുന്നത് അവൻ തന്നെയാണ് നേടുന്നതും. ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ കൽപനകളെ അനുസരിക്കുന്നവരെയാണ് അല്ലാഹു സ്നേഹിക്കുന്നത്. അവരുടെ സന്താനങ്ങൽ തന്നെയാണ് അനുഗ്രഹീതരായവർ. അല്ലാഹുവിന്റെ യഥാർഥത്തിലുള്ള അനുസാരിയാകുകയും അയാളോ അയാളുടെ മക്കളോ നശിച്ചുപോവുകയെന്നത് ഒരിക്കലും സംഭവ്യമല്ല. അങ്ങനെ സംഭവിച്ചിട്ടുമില്ല. അല്ലാഹുവിനെ ഉപേക്ഷിക്കുകയും ഭൗതികതയിലേക്ക് കുമ്പിടുകയും ചെയ്യുന്നവരുടെ ലോകമാണ് നാശമടയുന്നത്. എല്ലാ കാര്യങ്ങൾക്കുമുള്ള പരിഹാരം അല്ലാഹുവിന്റെ കൈകളിലാണെന്നത് സത്യമല്ലെ. അതുകൂടാതെ ഒരു കേസും ജയിക്കാൻ സാധ്യമല്ല. ഒരു വിജയവും സ്വായത്തമാക്കാൻ സാധ്യമല്ല. ഒരു വിധത്തിലുള്ള സുഖവും സന്തോഷവും നേടാൻ സാധ്യമല്ല. സമ്പത്ത് ഉണ്ടായിരിക്കും. എന്നാൽ

മരണത്തിന് ശേഷം അത് ഭാര്യക്കും മക്കൾക്കും പ്രയോജനകരമായി ത്തീരുമെന്ന് ആർക്കാണ് പറയാൻ സാധിക്കുക. ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കൂ. തങ്ങളിൽ ഒരു പുതിയ മാറ്റം ഉണ്ടാക്കിയെടുക്കൂ.''

ജമാഅത്തിനെ പ്രത്യേകം ഉപദേശിച്ചുകൊണ്ട് പറയുന്നു. ''എന്നോട് ബന്ധപ്പെട്ട് നിൽക്കുന്ന നിങ്ങൾ, എല്ലാവരോടും അവർ ഏത് മതസ്ഥരായാലും ശരി സഹാനുഭൂയിയോടെ വർത്തിക്കുക. ഒരു വ്യത്യാസവും കൽപ്പിക്കാതെ എല്ലാവരോടും നൻമ പ്രവർത്തിക്കുക. കാരണം ഇത് തന്നെയാണ് വിശുദ്ധ ഖുർആന്റെ അധ്യാപനം.

﴿وَيُطْعِمُونَ الطَّعَامَ عَلَى حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا﴾

*അവർ അവന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അഗതികൾക്കും അനാഥർക്കും തടവിലാക്കപ്പെട്ടവർക്കും ഭക്ഷണം നൽകുന്നു.* തടവിലാക്കപ്പെട്ടവരായി വന്നിരുന്നവരിൽ കൂടുതൽ പേരും നിഷേധികളായിരുന്നു. നോക്കൂ. ഇസ്ലാമിൽ സഹാനുഭൂതിയുടെ പാരമ്യത എത്രമാത്രമാണ്. എന്റെ അഭിപ്രായത്തിൽ പൂർണമായ ധാർമിക അധ്യാപനങ്ങൾ ഇസ്ലാമിനൊഴിച്ച് മറ്റാർക്കും തന്നെ ലഭിച്ചിട്ടില്ല.''

അതിനുശേഷം അവിടുന്ന് പറഞ്ഞു. ഈ കാര്യം പറയുമ്പോൾ, അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി നല്ലതായിരുന്നില്ല. ഞാൻ സുഖം പ്രാപിച്ചതിന് ശേഷം ഒരു ഗ്രന്ഥമെഴുതും അത് സ്വഭാവത്തെക്കുറിച്ചായിരിക്കും എന്നിരുന്നാലും തുടർന്ന് അവിടുന്ന് പറയുന്നു.

''എന്റെ ഉദ്ദേശ്യം എന്താണെന്ന് പ്രകടമാകാനും അത് എന്റെ ജമാഅത്തിനായി പൂർണ്ണമായ അധ്യാപനമാകാനും.....ഞാൻ ആഗ്രഹിക്കുന്നു. ഈ ദിവസങ്ങളിൽ ചിലരിൽ നിന്ന് ഇത് സംഭവിച്ചു, അത് സംഭവിച്ചു എന്ന് കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ എനിക്ക് വളരെയധികം ദുഃഖം അനുഭവപ്പെടുന്നു. എന്റെ പ്രകൃതം ഈ കാര്യങ്ങൾകൊണ്ട് സന്തോഷിക്കുന്നില്ല. ഞാൻ ഇപ്പോൾ ജമാഅത്തിനെ രണ്ടടി വെച്ചതിനുശേഷം നാലുപ്രാവശ്യം വീഴുന്ന ഒരു കുട്ടിയെപ്പോലെയാണ് കാണുന്നത്. എന്നാൽ അല്ലാഹു ഈ ജമാഅത്തിനെ പൂർണ്ണമായ നിലയിലെത്തിക്കുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അതുകൊണ്ട് അല്ലാഹു അവന്റെ അനുഗ്രഹം ചൊരിയുന്നതിനായി നിങ്ങളും പരിശ്രമിക്കുകയും പ്രകീർത്തിക്കുകയും കഠിന പരിശ്രമം നടത്തുകയും ദുആയിൽ മുഴുകുകയും ചെയ്യുക. കാരണം അവന്റെ അനുഗ്രഹമില്ലാതെ ഒന്നുംതന്നെ സംഭവ്യമല്ല. എന്നാൽ അവന്റെ അനുഗ്രഹം ഉണ്ടാകുമ്പോൾ എല്ലാ മാർഗ്ഗങ്ങളും തുറക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആയുടെയും ശ്രദ്ധയുടെയും ഫലമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിൽ ഇത് പൂർത്തിയായതായി അദ്ദേഹം കാണുകയുണ്ടായി. തന്റെ ജീവിതത്തിൽതന്നെ തന്റെ സഹാബാക്കളിൽ പരിശുദ്ധമായ മാറ്റം ദർശിച്ചു. ഈ കാലഘട്ടത്തിലും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിന് ചില കാര്യങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രായപൂർത്തി ആയിരിക്കുന്നു. എന്നാൽ കാലം കഴിയുന്നതോടൊപ്പം ചില തിന്മകളും മുളച്ച് പൊന്തുന്നു. അഹങ്കാരം, ഞാൻ വിവരിച്ചതുപോലെ പരസ്പരമുള്ള അഹംഭാവം മുതലായവ. ഇത് ചിലയിടങ്ങളിൽ വളരെ കൂടുതലായി പ്രകടമാകാൻ തുടങ്ങിയിരിക്കുന്നു. പരസ്പരമുള്ള കേസുകൾ, കലഹങ്ങൾ വിദ്വേഷങ്ങൾ എന്നിവ അധികരിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതിലേക്ക് നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നാം അദ്ദേഹത്തിന്റെ യഥാർഥ ജമാഅത്തിൽ ഉൾപ്പെട്ടവരാണെന്ന് അവകാശപ്പെടണമെങ്കിൽ നാം നമ്മുടെ അവസ്ഥകളെക്കുറിച്ച് ഓരോ നിമിഷവും ചിന്തിക്കേണ്ടതായിട്ടുണ്ട്. അവസരോചിതമായി നമ്മുടെ സ്വഭാവം വെളിപ്പെടുത്തുന്നില്ല എങ്കിൽ പിന്നെ നമ്മുടെ അറിവ് എന്തിന്വേണ്ടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ അവസരം വരുമ്പോൾ നിങ്ങളിൽ നിന്ന് ഈ പറയുന്ന കാര്യങ്ങൾ പ്രകടമാകുന്നില്ല. നിങ്ങളുടെ അവസ്ഥകളിൽ നിന്ന് ആ കാര്യങ്ങളൊന്നും പ്രകടമാകാൻ തുടങ്ങുന്നില്ല. ഏതൊരു അറിവിന്റെ പ്രതിബിംബമാണോ നന്മയിൽ നിന്ന്കൂടി പ്രകടമാകുന്നത്. അതാണ് യഥാർത്തിൽ പ്രയോജനപ്രധമായ അറിവ്. നമ്മുടെ പരസ്പര ബന്ധങ്ങളിൽ നമ്മുടെ അകവും പുറവും ഏതുവരെ ഒരേപോലെ ആയിത്തീരുന്നില്ലയോ അതുവരെയും നമ്മുടെ അറിവ് നിഷ്പ്രയോജനമാണ്. ഇന്നത്തെ കാലഘട്ടത്തിൽ ജമാഅത്തിനോടുള്ള എതിർപ്പും അതിന്റെ രൂക്ഷതയിൽ എത്തിയിരിക്കുന്ന ഈ അവസ്ഥയിൽ നാം ഓരോ ചുവടിലും നമ്മുടെ വ്യക്തിപരമായ ആഗ്രഹങ്ങളും അഹംഭാവവും ഉപേക്ഷിച്ചുകൊണ്ട് ഒന്നായി നിലകൊണ്ട് ഏറ്റവും ഉത്തമമായ മാതൃക നിലനിർത്തേണ്ടതായിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അല്ലാഹു ഈ ജമാഅത്തിനെ സഹാബാക്കളുടെ മാതൃകയിൽ ചരിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

കഴിഞ്ഞ ജുമ്ആയിൽ ഖുതുബാ സാനിയായിൽ ഞാൻ അൽപം ദീർഘനേരം ചുമച്ചത്കൊണ്ട് ആളുകൾ ഒരുപാട് വ്യാകുലചിത്തരായി. ഞങ്ങൾക്ക് ഇത് സഹിക്കാൻ കഴിയില്ല എന്നെല്ലാം എഴുതിക്കൊണ്ട് അറബ് രാജ്യങ്ങളിൽ നിന്നുംമറ്റ് സ്ഥലങ്ങളിൽ നിന്നെല്ലാം ഒരുപാട് കത്തുകളും ഫാക്സും വന്നു. അതോടൊപ്പം തന്നെ മരുന്നിന്റെ കുറിപ്പടികളും ഇത്രമാത്രം വന്നിട്ടുണ്ട്. അഥവാ ഞാൻ അതെല്ലാം കഴിക്കുകയാണെങ്കിൽ കൂടുതൽ രോഗിയായിത്തീരും. എന്നിരുന്നാലും ജനങ്ങൾ തങ്ങളുടെ ഭാഗത്ത് നിന്ന് നന്മ ആഗ്രഹിച്ചു. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ. ഇതെല്ലാം സാംക്രമിക രോഗങ്ങളാണ്. അത് അതിന്റേതായ സമയമെടുക്കും. ഞാൻ സ്വയം ഹോമിയോപതി ചികിത്സ ചെയ്യുന്നുണ്ട്. അതുകൂടാതെ ഡോക്ടർമാരിൽ നിന്നും അൽപസ്വൽപമായി ചികിത്സ ചെയ്യുന്നുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ. ദുആയിൽ ഓർക്കുക.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 October 28 at : Baitul Futuh London
Translation: Sulthan Naseer Vaniyambalam 09544274240

Typing: M.P. Abdul latheef Calicut.
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**